കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാള ബ്ലോക്ക് പഞ്ചായത്ത്

## 2018-19

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ(BP2)38/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
e-mail.id :dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി :19-5-2020

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാള ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മാള ബ്ലോക്ക് പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം1ലെ ഖണ്ഡിക 21 ലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ(BP2)38/2020 തീയതി : 19.05.2020

# തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15/01/2019 മുതൽ 12/12/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് എൻക്വയറി നൽകുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജഗോപാലൻ ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-12-2019 മുതൽ 19-12-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷീന.കെ.ടി ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിജയശ്രീ.പി |

| | |
|---|---|
| | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുമിത.ടി.എസ്., അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ധന്യ ദിലീപ് ഓഡിറ്റർ |

**<u>നിർവ്വഹണ അധികാരികൾ</u>**

| കാലയളവ് | | |
|---|---|---|
| പ്രസിഡണ്ട് | വർഗ്ഗീസ് കാച്ചപ്പിള്ളി | 1-4-2018 മുതൽ 28-12-2018 വരെ |
| | ജയ ചന്ദ്രൻ | 29-12-2018 മുതൽ 20-1-2019 വരെ |
| | ഇ. കേശവൻകുട്ടി | 21-1-2019 മുതൽ 31-3-2019 വരെ |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | അരുൺരാജ്. പി.എൻ | 1-4-2018 മുതൽ 31-3-2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | സുരജ. പി.കെ | 1-4-2018 മുതൽ 31-3-2019 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ഷേർളി. എ.എഫ് | 1-4-2018 മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശശീന്ദ്രൻ. കെ .എം | 1-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ: ആശ. പി.എസ് | 1-4-2018 മുതൽ 31.3.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഇ.ടി . ബിന്ദു | 1-4-2018 മുതൽ 31-3-2019 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ജെസ്സി. വി ഡി | 1-4-2018 മുതൽ 31-3-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | മുരളി എ.കെ | 1-4-2018 മുതൽ 31-3-2019 വരെ |
| വ്യവസായ വികസന ഓഫീസർ | സുനിത . പി.വി | 1-4-2018 മുതൽ 31-3-2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| | | |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷികകണക്ക് അപാകതകൾ | 1-9 |
| 10 | വാടക ഈടാക്കിയതിൽ കുറവ് | 1-10 |
| 11 | കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ് | 1-11 |
| 12 | തുക കൈപ്പറ്റിയതിന്റെ വിവരമില്ല | 1-12 |
| 13 | മുൻകൂർ ക്രമീകരിച്ചിട്ടില്ല | 1-13 |
| 14 | വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-14 |
| 15 | മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായിട്ടില്ല. | 1-15 |
| 16 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പ്രവൃത്തി നടപ്പാക്കി | 1-16 |
| 17 | കാലയളവിനുള്ളിൽ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല - പിഴ ഈടാക്കിയിട്ടില്ല | 1-17 |
| 18 | പദ്ധതിരേഖ അച്ചടി തുക അധികം നൽകിയത് | 1-18 |
| 19 | മെയിന്റനൻസ് ഗ്രാന്റ് ഉത്തരവിന് വിരുദ്ധമായി തുക അധികം ചെലവഴിച്ചു | 1-19 |
| 20 | സാക്ഷരതാകലോൽസവം മാർഗരേഖാ വിരുദ്ധമായ ചെലവ് | 1-20 |
| 21 | ഭവന പദ്ധതികൾ ഗുണഭോക്താക്കൾക്ക് അർഹമായതിലും അധികം തുക നൽകി | 1-21 |
| 22 | മാനാട്ടുകുന്ന് വടിയൻചിറ എസ്.സി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം -ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഭാഗികമായി പദ്ധതികൾ തയ്യാറാക്കുന്നു. | 1-22 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ -ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | |
| | ഭാഗം 4 | |

| | | |
|---|---|---|
| 23 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 25 | ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെ വിവരം | 4-3 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 28 | സ്ഥിര നിക്ഷേപം | 4-6 |
| 29 | ഓഡിറ്റ് റിക്കവറി | 4-7 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 31 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 34 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 35 | വരവ് ചെലവ് പത്രികകൾ | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27/3/18 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/7/2019 | 7/6/2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5215231 |
| വരവ് | 73746937 |
| ആകെ | 78962168 |
| ചെലവ് | 74307081 |
| നീക്കിയിരിപ്പ് | 4655087 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 29221000 | 29221000 | 25073729 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 14388000 | 14388000 | 10820823 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 139000 | 139000 | 0 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3467000 | 3467000 | 2185715 | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 117 | 89893133 | 72 | 38080267 | 39 | 6 | 61.5% |

# 1-6 ക്യാഷ് പരിശോധന

പരിശോധന നടത്തിയ ദിവസം കളക്ഷൻ ഇല്ല.

# 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല. പൂർത്തിയാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നിർവഹണോദ്യോഗസ്ഥർക്ക് നൽകുന്ന രശീത് പുസ്തകങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ സീൽ വച്ച് നൽകുന്നതായി കാണുന്നില്ല.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1-8-2019 മുതൽ 9-8-2019 വരെ | 2018-19 | 14-10-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7-11-2018 മുതൽ 12-11-2018 വരെ | 2017-18 | 5-1-2019 |

# 1-9 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)

2. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വാടക ഡിമാന്റ് രജിസ്റ്റർ

3. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ 1-18 | 31/03/2019-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200101- Prior period income- Rent from building | (3600) |
| 280800501- Prior period – Programme expenses | 11630 |

4. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു ക്രമീകരണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

6. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉണ്ട്.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (560144) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 64,92,479/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

7. 2018-19 വർഷത്തെ Income and expenditure പത്രിക പ്രകാരം 36,64,859/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

7.1 31/03/2019-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം 410800101 എന്ന ഹെഡ്ഡിലെ ആസ്തിക്ക് 795000/- രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/03/2019-ലെ Accumalated Depreciation 8,08,304/- രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാന ചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2019-20 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

7.2 ബാലൻസ് ഷീറ്റ് B-11 പ്രകാരം താഴെ പറയുന്ന ആസ്തികൾ 31.03.19-ൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി എടുത്തിട്ടുണ്ട്. എന്നാൽ ഇവ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്താവുന്നതല്ല.

1. Roads tarred

2. Roads Metal

3. Culverts

4. Electricity Line Extension

5. Street Light

8. ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/03/19-ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/03/19-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃ വിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 | | | | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 | | |
|---|---|---|---|---|---|---|
| ക്രമ നം. | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320100115 | TSC | 222090 | 450210101 | Canara Bank | 284904 |
| 2 | 320200309 | Literacy Scheme Grant | 124212 | 450610105 | UBI | 128851 |

9. 31/03/2018-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital contribution" എന്ന ഇനത്തിലെ അതേ തുകയാണ് (തുക-30180094) 31/03/2019-ലെ ബാലൻസ് ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസന ഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "capital contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income and expenditure account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ. തീയതി.26/07/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾക്ക് വിരുദ്ധമാണ്.

10. താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 0070980 | 28.07.18 | 1500 |
| 0070939 | 22.06.18 | 500 |
| 0070940 | 22.06.18 | 800 |
| 6665295 | 16.07.18 | 8190 |

11. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/03/19 വരെ പാർട്ട് ബിൽ നൽകിയതും എന്നാൽ 31/03/2019-ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ ക്യാഷ് ബുക്ക് പ്രകാരം 843954/- രൂപയാണ്. എന്നാൽ 31/03/19-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a) പ്രകാരം capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 754613/- രൂപയാണ്.

12. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

13. അഡ്വാൻസ് രജിസ്റ്ററിൽ 'Advance to implementing officer' മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. മറ്റ് അഡ്വാൻസ് ഇനങ്ങൾ രജിസ്റ്ററിൽ ചേർക്കാത്തതിനാൽ B-18 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

14. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4ൽ ഉൾപ്പെടുത്തിയിരിക്കുന്ന താഴെ പറയുന്ന തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനായി യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

| ഹെഡ് ഓഫ് അക്കൗണ്ട് | തുക |
|---|---|
| 320200305 | 1100000/- രൂ. |
| 320200307 | 35467/- |
| 320300199 | 196986/- |
| 320800199 | 118546/- |

15. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9ൽ House Building Advance ബാധ്യത ആയി 12055 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ തനത് ഫണ്ടിൽ നിന്ന് ശമ്പളം നൽകാത്തതിനാൽ ഈ തുക ഉൾപ്പെടുത്തിയതിന് വിശദീകരണം ആവശ്യമാണ്.

16. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9ൽ 350800299 ഹെഡ്ഡിൽ Other Liabilities ൽ 840707 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക പ്ലാൻ അക്കൗണ്ട് IAYയിലെ ബാലൻസ് ആണ്. പ്ലാൻ ഫണ്ടിൽ നിന്ന് മുൻകൂട്ടി തുക പിൻവലിച്ച ചെലവ് വരും എന്ന നിഗമനത്തിൽ പിൻവലിക്കുവാൻ പാടില്ല. ആയത് വിശദീകരിക്കപ്പെടേണ്ടതാണ്.

17. മറ്റ് സോതസ്സുകളിൽ നിന്ന് ലഭ്യമാകുന്ന ധനസഹായം (ജില്ലാ ഗ്രാമ പഞ്ചായത്തുകൾ) സംബന്ധിച്ച വരവ് ചെലവുകൾ നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

<u>ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകത</u>

ചെക്ക് നമ്പർ-0070935/7.6.2018 ൽ അസി .എക്സി.എൻജിനീയർക്ക് ഇ-ടെണ്ടർ തുക വരവ് വക്കുന്നതിനായി

അക്കൗണ്ട് ആരംഭിക്കുന്നതിന് തുക കൈമാറി. ടിയാൻ എസ്ബിഐയിൽ അക്കൗണ്ട് അരംഭിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ വിവരം ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.

# 1-10 വാടക ഈടാക്കിയതിൽ കുറവ്

മാള ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വാടകയിനത്തിൽ വരവ് ലഭിക്കുന്നതുമായ താഴേക്കാട് വ്യവസായ കേന്ദ്രത്തിലെ കെട്ടിടം (120 ച.മീ) ചതുരശ്രഅടിക്ക് 1/- രൂപ പ്രകാരവും ആളൂർ വ്യവസായ കേന്ദ്രത്തിലെ കെട്ടിടം (180.28 ച.മീ) ചതുരശ്രഅടിക്ക് 2/-രൂപ പ്രകാരവും വാടക നൽകുന്നതിനാണ് കരാർ വച്ചിട്ടുള്ളത്. ആയതു പ്രകാരം യഥാക്രമം 1290 രൂപ, 3880 രൂപ എന്നിങ്ങനെ മാസവാടക ഈടാക്കേണ്ടതാണ്. എന്നാൽ ഇതേ കരാറിൽതന്നെ മാസവാടകയായി താഴേക്കാട് വ്യവസായ കേന്ദ്രത്തിൽനിന്നും 1200രൂപയും ആളൂർ വ്യവസായ കേന്ദ്രത്തിൽ നിന്നും 3600 രൂപയും ഈടാക്കേണ്ടതായി പറയുകയും അതനുസരിച്ച് വാടക ഈടാക്കിയതായും കാണുന്നു.2019-20 സാമ്പത്തികവർഷം തെറ്റായി ഈടാക്കിയ വാടകയെ അടിസ്ഥാനമാക്കി വർദ്ധനവ് കണക്കാക്കുകയും വാടക ഈടാക്കുകയും ചെയ്തിട്ടുണ്ട്. വാടക കരാറിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വാടകയിനത്തിൽ കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും വരും വർഷങ്ങളിൽ യഥാർത്ഥ വാടകയെ അടിസ്ഥാനമാക്കി വർദ്ധനവ് കണക്കാക്കേണ്ടതുമാണ്. വാടക, ലേലം ഇവയുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി ഭരണവകുപ്പിൽ നിന്ന്അംഗീകാരം വാങ്ങിയിട്ടില്ല. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്.

# 1-11 കളക്ഷൻ ചാർജും ഇ ടെണ്ടർ ഫീയും തനത് വരുമാനമാക്കാവുന്നതാണ്

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് കളക്ഷൻ ചാർജിനത്തിൽ മുതൽ കൂട്ടാവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച **തുക** ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.(ഓഡിറ്റ് അന്വേഷണം നമ്പർ.5 ,18/12/2019)

# 1-12 തുക കൈപ്പറ്റിയതിന്റെ വിവരമില്ല

വൗച്ചർ നം 134/18-19/22.11.2018

ചെക്ക് നം.1345918/തീയതി 22.11.2018, 16800/-

പരസ്യചാർജ് ഇനത്തിൽ വീക്ഷണം പത്രത്തിന് താഴെ പറയുന്ന ബില്ലുകൾ പ്രകാരം 16800/-രൂപ അനുവദിച്ചിട്ടുണ്ട്.

ബില്ല് നം 37631/തിയതി19.9.18,4800/-

35874/29.6.18 – 2400/-

37632/19.9.18 – 9600/-

തുക കൈപ്പറ്റിയതിന്റെ വിവരമില്ല,16800/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-13 മുൻകൂർ ക്രമീകരിച്ചിട്ടില്ല

വൗച്ചർ നം 139/18-19/28.11.2018, തുക 50,000/-(തനത് ഫണ്ട്)

ചെക്ക് നമ്പർ -1249293 തീയതി .28/11/2018

2019-20 വർഷത്തെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചെലവുകൾക്ക് മുൻകൂർ തുകയായി GEO,ശ്രീ.ടി.കെ ദിനിൽകുമാറിന് വൗച്ചർ നം 139/18-19/28.11.2018,പ്രകാരം 50,000/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്.മുൻകൂർ ക്രമീകരിച്ച വിവരം, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-14 വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1) പദ്ധതി : വനിതകൾക്ക് പേപ്പർതുണി ബാഗ് നിർമ്മാണം

പദ്ധതി നമ്പർ :S0048/19

തുക : 4,00,000/-

പൊയ്യ ഗ്രാമപഞ്ചായത്ത് 2018-19 വാർഷികപദ്ധതിയിൽ സംയുക്തപ്രൊജക്ടായി ഉൾപ്പെടുത്തിയ പ്രൊജക്ട് നമ്പർ 125/19 വനിതകളുടെ സ്വയം തൊഴിൽ സംരംഭത്തിന് ധനസഹായം , നിർവഹണോദ്യോഗസ്ഥൻ വി.ഇ.ഒ എന്ന പദ്ധതിയിൽ ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി 400000 രൂപ പൊയ്യ ഗ്രാമപഞ്ചായത്തിന് ബിൽ നമ്പർ 1/2018-19 , തീയതി 29/10/2018 പ്രകാരം കൈമാറുകയും ഗുണഭോക്തൃലിസ്റ്റ് ഇല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വരികയും പ്രസ്തുത തുക തിരിച്ചടക്കുകയും ചെയ്തു. ബ്ളോക്ക് പഞ്ചായത്തിന് വ്യവസായ മേഖലയിലെ പുരോഗതി ഉറപ്പാക്കാൻ ഒരു നിർവഹണോദ്യോഗസ്ഥൻ ഉണ്ടെന്നിരിക്കെ പൊയ്യ ഗ്രാമപഞ്ചായത്തിന് തുക കൈമാറിയത് ശരിയായ നടപടിയല്ല.

2 ) പദ്ധതി : സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി

പദ്ധതി നമ്പർ :S0041/19

ആകെ അടങ്കൽ തുക : 3,50,000/-(പൊതുവിഭാഗം സാധാരണവിഹിതം 2,50,000/- + മറ്റുള്ളവ 1,00,000/-)

ബിൽ നമ്പർ : 2/2018-19 , തീയതി : 15/03/2019

സ്ഥാപനം : സൂര്യ എസ്.എച്ച്.ജി

14-02-2018ലെ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ/തിരുവനന്തപുരം പതിമൂന്നാം പഞ്ചവൽസരപദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ സംരംഭകത്വ പ്രോൽസാഹനത്തിന് റിവോൾവിങ്ങ് ഫണ്ട്-പലിശ സബ്സിഡി വ്യവസ്ഥ 5 പ്രകാരംഅഞ്ച് ലക്ഷം മുതൽ പത്ത് ലക്ഷം വരെ അടങ്കലുള്ള പദ്ധതികൾ ആണ് ബ്ളോക്ക് പഞ്ചായത്ത് നടപ്പിലാക്കേണ്ടത്. സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി തിരഞ്ഞെടുക്കുന്നവർ സർക്കാരിൽനിന്നോ മറ്റ് സർക്കാർ ഏജൻസികളിൽനിന്നോ കഴിഞ്ഞ 5 വർഷത്തിനിടയിൽ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആയിരിക്കരുത് എന്ന് മാർഗ്ഗരേഖയിൽ പറയുന്നുണ്ട് എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ഒന്നുംതന്നെ ഫയലിൽ സൂക്ഷിട്ടിച്ചില്ല. പദ്ധതിയുടെ പ്ളാൻ ഇംപ്ളിമേഷനുമായി ബന്ധപ്പെട്ട് ഗ്രൂപ്പിന്റെ ഗ്രേഡിങ്ങ് നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. സൂര്യ എസ്.എച്ച്.ജി ക്ക് 2,50,000/-രൂപ സബ്സിഡിയായി നല്കിയിട്ടുണ്ട് .സംരംഭക കോസ്റ്റ് : 1,85,530/- , പ്രവർത്തനമൂലധനം : 25,200/-, ആകെ : 2,10,730/- സബ്സിഡിയായി നൽകേണ്ടിയിരുന്ന തുക : 210730 ന്റെ 85% = 1,79,120/-

രൂപ . സബ്സിഡിയായി 70,880/-രൂപ അധികം നൽകിയിരിക്കുന്നു, ഇത് മാർഗ്ഗരേഖയിൽ പറയുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഇതുസംബന്ധിച്ച് നൽകിയ (ഓഡിറ്റ് അന്വേഷണം നമ്പർ .8/19-12-2019 )ഓഡിറ്റ്അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ മെഷീനറിയുടെ ബിൽ മാത്രമാണ് സമർപ്പിച്ചിട്ടുള്ളതെന്നും ബിൽഡിങ്ങ് മോഡിഫിക്കേഷൻ , അലൂമിനിയം ഫാബ്രിക്കേഷൻ എന്നീ വർക്കുകളുടെ ബില്ലുകൾ സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അല്ലാത്തപക്ഷം അധികം നൽകിയ 70,880/- രൂപ നിർവഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 1-15 മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായിട്ടില്ല

1.പദ്ധതി നമ്പർ-13/19(ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ സിഎച്ച്സി
ബിൽ നമ്പർ-76/27.3.2019-130889/-
-75/27.3.2019-98717/-
-77/27.3.2019-104037/-
മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച 333643/-രൂ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

2.പദ്ധതി നമ്പർ- (പാലിയേറ്റീവ് കെയർ)18/19
നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ സിഎച്ച്സി
ബിൽ നമ്പർ-54/30.1.2019-245000/-രൂ.
മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച 245000/-രൂ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-16 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തി നടപ്പാക്കി

പദ്ധതിയുടെ പേര്-കുഴിക്കാട്ടുശ്ശേരി ഹൈമാസ്റ്റ് വിളക്ക് ഇൻസ്റ്റലേഷൻ ,61/19
നിർവ്വഹണം-അസി.എഞ്ചിനീയർ

അടങ്കൽ-374796/-

ചെലവ്-374796/-(ചെക്ക് നം 9616730/22.1.19)

കരാറുകാരൻ-മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ

<u>അപാകതകൾ-</u>

(a)കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് (1)ാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം വിദ്യുച്ഛക്തിയും ഊർജ്ജവും എന്ന മേഖലയിൽ നിരത്തുകളിൽ വിളക്കുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ബ്ലോക്ക് പഞ്ചായത്തിന് ഈ മേഖലയിൽ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ വികസിപ്പിക്കുക എന്ന ചുമതലയാണുള്ളത്.ആയതിനാൽ മുകളിൽ പറഞ്ഞ പൊതുനിരത്തിൽ ഹൈമാസ്റ്റ് വിളക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ പെടുന്നതല്ല.

(b)5ലക്ഷത്തിൽ കുറഞ്ഞ അടങ്കലുള്ള പദ്ധതിയാണ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളത്.പദ്ധതിമാർഗ്ഗരേഖയിൽ 5ലക്ഷത്തിൽ കൂടുതൽ അടങ്കലുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിനാണ് ബ്ലോക്ക് പഞ്ചായത്തിനോട് നിർദ്ദേശിച്ചിട്ടുള്ളത്.മേൽ പറഞ്ഞ പ്രൊജക്റ്റ് ഏറ്റെടുക്കണമെന്ന് ഗ്രാമപഞ്ചായത്ത് ബ്ലോക്കിനോട് ആവശ്യപ്പെട്ടിട്ടില്ല.

(c)എസ്റ്റിമേറ്റിൽ "Philips/Bajaj /Hawels" എന്നിങ്ങനെ ബ്രാന്റ് ഉൾപ്പെടുത്തിയിരിക്കുന്നു.

(d)എസ്റ്റിമേറ്റിൽ Provision for KSEB service connecting CD-20,000/-എന്ന ഇനം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെയ്തുകാണുന്നില്ല.പദ്ധതി പൂർത്തീകരിച്ച് ഹൈമാസ്റ്റ് വിളക്ക് അത് സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെ രേഖകളില്ല.
അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ,മറുപടി ലഭ്യമാക്കിയിട്ടില്ല.
ബ്ലോക്ക് പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽപ്പെടാത്ത ഒരു പദ്ധതി ഏറ്റെടുത്തതിന് വ്യക്തമായ കാരണം അറിയിക്കുന്നതുവരെ ചെലവുതുക 374796/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-17 കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷം നിർവ്വഹണം നടത്തിയ ആളൂർ പി.എച്ച്.സി നവീകരണം എന്ന മരാമത്ത് പ്രൊജക്റ്റിന്റെ നിർവ്വഹണത്തിന് കരാർ എടുത്ത കരാറുകാരൻ പ്രവൃത്തികൾ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിനുള്ളിൽ പൂർത്തിയാക്കിയിട്ടില്ല.

പ്രൊജക്റ്റ് നം- 114/19

എസ്റ്റിമേറ്റ് തുക-6,00,000

പദ്ധതിയുടെ ചെലവിന്റെ വിവരം താഴെ കൊടുക്കുന്നു

2017-18ലെ ചെലവ് –210810/- (റീടെൻഷൻ-21081/-)

2018-19ലെ ചെലവ്-ട്രഷറി ബിൽ നം .13/18-19 *26.10.2018 ,തുക 310022/-*, ആകെ പ്രവൃത്തി മൂല്യം - 520832/-

കരാറുകാരൻ-സിജൻ ജോർജ്, Agreed PAC-5,25,652.09

Agreement no.05/2017-18/13.12.2017

work order no.13/AE/WO/2017-18/13.12.2017

വർക്ക് ഓർഡർ പ്രകാരം ഓർഡർ തിയതി മുതൽ 6 മാസം പൂർത്തീകരിക്കുന്ന 12.6.2018 വരെയാണ് പ്രവൃത്തിയുടെ കാലാവധി.അളവുപുസ്തകം10/18-19 പേജ് 3 പ്രകാരം അവസാന അളവെടുത്തത് 17.9.2018 തിയതിയാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 3മാസത്തെ കാലതാമസം വന്നിട്ടുണ്ട്.
2013 ൽ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ അനുസരിച്ച് കരാറുകാരന്റെ വീഴ്ച്ച മൂലം പ്രൊജക്റ്റ് നിർവ്വഹണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, കരാറുകാരൻ പ്രൊജക്റ്റ് നിർവ്വഹണ കാലയളവ് ദീർഘിപ്പിക്കുന്നതിന് രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ പരിശോധിച്ച് സ്വീകാര്യമാണെന്ന് കാണുന്ന പക്ഷം കരാറിലെ വ്യവസ്ഥകൾക്കനുസരിച്ച് പിഴ ഈടാക്കി പ്രൊജക്റ്റ് നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. കരാറുകാരൻ ഇപ്രകാരം അപേക്ഷ സമർപ്പിച്ചതായോ പ്രവൃത്തി യഥാസമയം പൂർത്തിയാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരനോട് ഒരിക്കൽ പോലും ആവശ്യപ്പെട്ടതായോ കാണുന്നില്ല.കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പണികൾ പൂർത്തീകരിക്കാത്തതിനു കാരണം വ്യക്തമല്ല.സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും ആയതിൽ പ്രവൃത്തിയുടെ കാലാവധി എത്രവരെ ദീർഘിപ്പിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടില്ല. കാലതാമസത്തിന് കരാറുകാരനിൽ നിന്നും പിഴ

ഈടാക്കിയിട്ടില്ല.റീട്ടെൻഷൻതുക കരാറുകാരന് തിരികെ നൽകിയിട്ടുമുണ്ട്.
പദ്ധതി പൂർത്തീകരണത്തിന് കാലതാമസം വരുത്തുന്ന കരാറുകാരനിൽ നിന്നും കരാറിലെ വ്യവസ്ഥയ്ക്കനുസരിച്ച് പിഴകണക്കാക്കി ഈടാക്കേണ്ടതാണ്.

# 1-18 പദ്ധതി രേഖ അച്ചടി അധികതുക നൽകിയത്

ബ്ലോക്ക് പഞ്ചായത്തിലേക്ക് ആവശ്യമായ പദ്ധതിരേഖ അച്ചടിക്കുന്നതിന്, ക്വൊട്ടേഷൻ ക്ഷണിക്കുകയും, കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്റ്റാർ ഓഫ് സെറ്റ് പ്രിന്റേഴ്സ്, അന്നമനട എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ നിരക്ക് അംഗീകരിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് കമ്മിറ്റി തീരുമാനം ലഭ്യമായില്ല. സ്ഥാപനം ക്വോട്ട് ചെയ്ത നിരക്കുകൾ താഴെ പറയും പ്രകാരമാണ്.

പേജ് ഒന്നിന് – 1.48 രൂപാ

മൾട്ടി കളർ പേജ് ഒന്നിന് –20രൂപാ

ബൈൻഡിംഗ് ചാർജ് - 40 രൂപാ,നികുതികൾ പുറമേ

എന്നാൽ 2018-19 അന്തിമ പദ്ധതി രേഖ, 2019-20 അന്തിമപദ്ധതി രേഖ, കരട് പദ്ധതി രേഖ 2019-20 എന്നിവ പരിശോധിച്ചപ്പോൾ അച്ചടിച്ച് നൽകിയതിൽ ക്വോട്ട് ചെയ്ത നിരക്കിനേക്കാളും അധികനിരക്കിൽ തുക ഈടാക്കിയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.(ഇൻവോയ്സ് നമ്പർ-S-290/5.2.2019)

| പദ്ധതിരേഖ | എണ്ണം | പേജ് എണ്ണം | കളർപേജ് എണ്ണം | നൽകാവുന്ന തുക | നൽകിയ തുക, ബിൽ നം, തീയതി | അധികം നൽകിയത് |
|---|---|---|---|---|---|---|
| 2018-19 അന്തിമ പദ്ധതിരേഖ | 70 | 65 | 4 | 4x20x70=5600(കളർ)<br>65x1.48x70=6734<br>1x40x70=2800(ബൈൻഡിങ്ങ്)<br>ആകെ =15134+നികുതി | 18177+നികുതി, ബിൽ നം-30/18-19, 21-7-18 | 3043+നികുതി |
| 2019-20 കരട് പദ്ധതിരേഖ | 100 | 10 | - | 10x1.48x100=1480+നികുതി | 4684+നികുതി, ബിൽ നം-101/18-19, 23-3-19 | 3204+നികുതി |
| 2019-20 അന്തിമപദ്ധതിരേഖ | 110 | 70 | 4 | 4x20x110=8800(കളർ)<br>70x1.48x110=1396<br>1x40x110=4400(ബൈൻഡിങ്ങ്)<br>ആകെ =24596+നികുതി | 28446.5+നികുതി ബിൽ നം-101/18-19, 23-3-19 | 3850+നികുതി |

കൂടാതെ ഈ സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിച്ച കമ്മിറ്റി തീരുമാനം, സ്ഥാപനവുമായുള്ള കരാർ, എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും നിയമാനുസൃതമായ ആദായനികുതിയും ഈടാക്കിയതായി കാണുന്നില്ല. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(2/18.12.2019) നൽകിയെങ്കിലും ആയതിന് മറുപടി നൽകിയിട്ടില്ല.

# 1-19 മെയിന്റനൻസ് ഗ്രാന്റ് ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു

<u>(I)നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി</u>

ഗ്രാമവികസനകെട്ടിടം, കമ്പ്യൂട്ടർ നെറ്റ് വർക്കിംഗിനായി താഴെ പറയുന്ന ബില്ലുകൾ പ്രകാരം, 400000/- രൂപയും,കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി,199598/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ബില്ലിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ബിൽ നം-11/18-19,തിയതി.28/5/18, തുക-87298/-

ബിൽ നം-100/18-19,തിയതി.20/3/19,തുക-312702/-

ബിൽ നം-31/18-19,തിയതി-21/7/18,തുക-66000/-

ബിൽ നം-99/18-19, തിയതി-20/3/19, തുക-133598/-

സർക്കാർ ഉത്തരവ്, ജി.ഒ.(എം.എസ് )നം.330/2004/തസ്വഭവ തിയതി 9-12-2004 , പൊതു ആവശ്യ ഗ്രാന്റും, മെയിന്റനൻസ് ഗ്രാന്റും വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ പ്രകാരം, റോഡിതര മെയിന്റനൻസ് ഗ്രാന്റ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ, ആധുനികവൽക്കരണം എന്നിവയ്ക്കാണ് വിനിയോഗിക്കേണ്ടത്. കൂടാതെ സർക്കുലർ നം.75326/എഫ്.എം.1/2007/തസ്വഭവ,30/1/2008 പ്രകാരം തനത് ആസ്തികളായ ഓഫീസ് കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, തെരുവ് വിളക്കുകളുടെ മെയിന്റനൻസ് തുടങ്ങിയവയുടെ നിർമാണത്തിനും സംരക്ഷണത്തിനും മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്ന നടപടിക്രമം ശരിയല്ല. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയവ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തികളുടെ സംരക്ഷണത്തിനാണ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കേണ്ടത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവ് ചെയ്ത 599598/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(II)<u>നിർവ്വഹണോദ്യോഗസ്ഥൻ-അസി എഞ്ചിനീയർ</u>

താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് ഫണ്ട്, തനത് ആസ്തിസംരക്ഷണത്തിനായി ഉപയോഗിച്ചിട്ടുണ്ട്.

a)ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് കോമ്പൗണ്ട് സംരക്ഷണത്തിനായി ചുറ്റുമതിൽ അറ്റകുറ്റപ്പണിയും ഗേറ്റ് സ്ഥാപിക്കലും,94/19

ചെലവ്-ട്രഷറി ബില്ല് നം.1/18-19/26.5.18, 51684/-

(17-18 ലെ ചെലവ്-297845)

b)ബ്ലോക്ക് ഓഫീസ് കെട്ടിടത്തിന്റെ മുകൾഭാഗം ട്രസ്സ് വർക്ക്,123/19

അടങ്കൽ-610000/- ,2018-19വർഷംചെലവില്ല.2019-20വർഷത്തേക്ക് സ്പിൽ ഓവറാക്കിയിട്ടുണ്ട്

വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയവ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തികളുടെ സംരക്ഷണത്തിനാണ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കേണ്ടത്.

# 1-20 സാക്ഷരതാ കലോൽസവം മാർഗരേഖാ വിരുദ്ധമായ ചെലവ്

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ സാക്ഷരതാ കലോൽസവം എന്ന പദ്ധതിയിൽ (പദ്ധതി നം.103/19), പഠിതാക്കളുടെ സ്റ്റേജ്,സ്റ്റേജിതര മൽസരങ്ങൾ നടത്തിയിട്ടുണ്ട്. മൽസരങ്ങൾ, വിജയികൾക്ക് സമ്മാനങ്ങൾ,ജഡ്ജിംഗ് ഫീസ്, ഭക്ഷണച്ചെലവ്, എന്നിവയാണ് പ്രോജക്റ്റിൽ ഉള്ളത്.തനത് ഫണ്ടിൽ നിന്നും 37165/- രൂപാ പ്രോജക്റ്റിനായി ചെലവഴിച്ചിട്ടുണ്ട്. ചെക്ക് നം.6665293 ,തിയതി.12-7-18 പ്രകാരം 37615/- രൂപാ പരിപാടികളുടെ നടത്തിപ്പിനായി , ശ്രീ. ദിനിലിന് നൽകിയിട്ടുണ്ട്.

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതി നം 119/19 , സാക്ഷരതാ പരിപാടി എന്നതിൽ, നിരക്ഷരതാ നിർമാർജനവുമായി ബന്ധപ്പെട്ട് അക്ഷരലക്ഷം പരിപാടിയ്ക്കായി ,16866/- രൂപയും, 10-ാം ക്ലാസ് തുല്യതാ

പരീക്ഷയ്ക്ക് , 20 പഠിതാക്കൾക്ക് , കോഴ്സ് ഫീസ് , രജിസ്ട്രേഷൻ ഫീസ് എന്നിവയ്ക്കായി, ഡയറക്ടർ, കേരളാ ലിറ്ററസി മിഷൻ, 37000/-രൂപയും, +1 തുല്യതാ പരീക്ഷയ്ക്ക്, 20 പഠിതാക്കൾക്ക് , കോഴ്സ് ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നിവയ്ക്കായി, 2500/- രൂപാ വീതം, ഡയറക്ടർ കേരളാ ലിറ്ററസി മിഷന് 50000/- രൂപയും അടവാക്കിയിട്ടുണ്ട്. അങ്ങനെ പദ്ധതിയുടെ മൊത്തം ചെലവ്, 103866/- രൂപയാണ്. (ബിൽ നം.98/18-19,തിയതി.20-3-2019,തുക-103866/-)

പദ്ധതി മാർഗരേഖാ ഉത്തരവ് നം.(കൈ)11/2018/തസ്വഭവ,തിയതി.29/1/2018, 7.6 വിദ്യാഭ്യാസം എന്നതിൽ , ക്രമ നം.13 ആയി സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് , ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ് എന്ന് പറയുന്നുണ്ട്. സാക്ഷരതാ കേന്ദ്രങ്ങളിലെ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വില നൽകുക, സാക്ഷരതാ മിഷന് അടയ്ക്കേണ്ടതായ ഫീസ് എന്നിവയ്ക്കുള്ള പ്രോജക്ടുകൾ ആണ് സാക്ഷരതയുമായി ബന്ധപ്പെട്ട് ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്.

മേൽ പറഞ്ഞ രണ്ട് പദ്ധതികളിലും മാർഗരേഖാ വിരുദ്ധമായ ചെലവ് ചെയ്യാനുണ്ടായ സാഹചര്യം ഓഡിറ്റിന് വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/19.12.2019) മറുപടി നൽകിയില്ല.മാർഗ്ഗരേഖാ വിരുദ്ധമായി ചെലവ് ചെയ്ത 141481/-രൂപ(37615+103866)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-21 ഭവനപദ്ധതികൾ ഗുണഭോക്താക്കൾക്ക് അർഹമായതിലും അധിക തുക നൽകി

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ , പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് ,ഭവനനിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട ഫയൽ, രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ ഏതാനും ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി അവർക്ക് അർഹിക്കുന്നതിലും കൂടുതൽ തുക നൽകിയതായി കണ്ടു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം/പേര് | ഗുണഭോക്താവിന്റെ പേര്/പഞ്ചായത്ത് | ഏത് വർഷത്തെ ഗുണഭോക്താവ് | ആദ്യം കൈമാറിയ തുക | എം ഐ എസ് പ്രകാരം കൈമാറേണ്ട തുക | കൈമാറിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 101/19 ഐ എ വൈ പട്ടികജാതി സ്പിൽ ഓവർ പദ്ധതി 2016-17 | പുഷ്പ വിശ്വംഭരൻ, മാള ഗ്രാമപഞ്ചായത്ത് | 2012-13 | 43650/- | 212700/- | 358783/- | 146083/- |
| 121/19, പി എം എ വൈ /ലൈഫ് ഗുണഭോക്താക്കൾക്ക് അധികവിഹിതം(എസ് സി) | ബിഷ രമേശൻ , കുഴൂർ ഗ്രാമപഞ്ചായത്ത് | 2015-16 | 17500/- | 376667/- | 389666/- | 12999/- |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മറ്റ് ഗുണഭോക്താക്കളുടെ ഫയലുകൾ വിശദമായി പരിശോധിക്കേണ്ടതും അധികം തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

# 1-22 മാനാട്ടുകുന്ന് വടിയൻചിറ എസ്.സി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ഗ്രാമപഞ്ചായത്തും

# ബ്ലോക്ക് പഞ്ചായത്തും ഭാഗികമായി പദ്ധതികൾ തയ്യാറാക്കുന്നു.

പ്രൊജക്റ്റ് നം 111/19

അടങ്കൽ-4,00,000എസ് സി പി

ചെലവ്-ട്രഷറി ബിൽ നം.11/18-19/29.9.2018 - 3,99,036/-

ആളൂർ ഗ്രാമപഞ്ചായത്തിലെ മാനാട്ടുകുന്ന് വടിയൻചിറ എസ്.സി കമ്മ്യൂണിറ്റി ഹാൾ സ്ട്രക്ചർ മാത്രം പൂർത്തീകരിച്ച അവസ്ഥയിലായതിനാൽ ഫ്ലോർ കോൺക്രീറ്റിംഗ് ചെയ്യുന്നതിനും ഭിത്തികെട്ടി സിമന്റ് പ്ലാസ്റ്റർ ചെയ്യുന്നതിനും വാതിൽ , ജനൽ എന്നിവ വയ്ക്കുന്നതിനുമാണ് മേൽ പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 19.12.2019 തിയതിയിൽ ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തിയപ്പോൾ ബ്ലോക്ക് പഞ്ചായത്ത് പ്രൊജക്റ്റ് പ്രകാരം ചെയ്ത പ്രവൃത്തികൾക്കൊപ്പം ഗ്രാമപഞ്ചായത്തും പ്രൊജക്റ്റ് തയ്യാറാക്കി നിലം ടൈലിടുകയും വയറിംഗ് നടത്തുകയും ഹാളിനോടനുബന്ധമായി ഷെഡ് നിർമ്മിക്കുകയും മറ്റും ചെയ്തിട്ടുണ്ട്.എന്നാൽ കെട്ടിടംപണി ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. വൈദ്യുതി,വെള്ളം എന്നീ സൗകര്യങ്ങൾ ആയിട്ടില്ല,അടുക്കള,ചുറ്റുമതിൽ ,ടോയ് ലെറ്റ് എന്നിവ ഇല്ല.

ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഭാഗികമായി പദ്ധതികൾ തയ്യാറാക്കുന്നതിനുപകരം കെട്ടിടത്തിന്റെ മുഴുവൻ പണികളും പൂർത്തീകരിക്കത്തക്കവിധം സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തേണ്ടതാണ്.മേൽ പദ്ധതി 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള ഒരു പദ്ധതിയാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തികഅധികാരപരിധിയിലുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 3/9/2019 | കെ എസ് എ ടി എസ് ആർ(ബി.പി.2)1312/19, തീയതി 4/10/2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2018-19 | 200000 | ഡയാലിസിസ് രോഗികൾക്ക് ചികിൽസാ ചെലവ് 2-ാം ഘട്ടം | 200000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക്തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ളോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-96 മുതൽ 97-98 വരെ | 24 | 2004-06 | 9 | പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പുനരുദ്ധാരണം ക്രൂപ്പൺ പിരിവ് | 4-8-2018 ന് ലോക്കൽ ഫണ്ട് ഡയറക്ടർക്ക് മറുപടി നൽകിയതിന്റെ പകർപ്പ് സർക്കാർ മുഖേന നടപടി വിശദീകരണ പത്രിക നൽകുന്നതിന് വേണ്ടി 14-9-2018ന് ഗ്രാമവികസന കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്. |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

<u>എ)ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

<u>ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73746937 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74307081 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ | ഇല്ല |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1182675 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**
ഇല്ല.

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 16800 | അരുൺ രാജ് P.N സെക്രട്ടറി. |
| 1-13 | 50000 | അരുൺ രാജ് P.N സെക്രട്ടറി. |
| 1-16 | 374796 | ശശീന്ദ്രൻ കെ.എം.,അസിസ്റ്റന്റ് എൻജിനീയർ |
| 1-19 | 599598 | അരുൺ രാജ് P.N സെക്രട്ടറി. |
| 1-20 | 141481 | അരുൺ രാജ് P.N സെക്രട്ടറി. |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**
ഇല്ല.

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**
ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല.

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.ടി.13-407/99/9.7.97/3.8.99 |
| 98-99 | എൽ.എഫ്.ടി.13-273/01/18.5.01/6.8.01 |
| 99-2000 | എൽ.എഫ്.ടി.13-/276/01/18.5.01/6.8.01 |
| 2000-01 | എൽ.എഫ്.ടി.13-619/04/6.10.04/7.2.05 |
| 2001-02 | എൽ.എഫ്.ടി.13-90/06/30.06.06/4.10.06 |
| 2002-03 | എൽ.എഫ്.ടി.21-2424/07/24.2.09 |
| 2003-04 | എൽ.എഫ്.ടി.21-2425/07/24.2.09 |

| | |
|---|---|
| 2004-05 | എൽ.എഫ്.ടി.2426/07/24.2.09 |
| 2005-06 | എൽ.എഫ്.ടി.2427/07/24.2.09/8.6.09 |
| 2006-07 | എൽ.എഫ്.ടി.(ബിപി)1635/11/28.3.12 |
| 2007-08 | എൽ.എഫ്.ടി.(ബിപി)1636/11/28.3.12 |
| 2008-09 | എൽ.എഫ്.ടി.(ബിപി)1637/11/28.3.12/27.6.12 |
| 2009-10,<br>2010-11 | എൽ.എഫ്.ടി.(ബിപി)1677/12/10.1.13/12.4.13 |
| 2011-12 | എൽ.എഫ്.ടി.(ബിപി)1937/13/6.3.14/8.3.14 |
| 2012-13 | എൽ.എഫ്.ടി.(ബിപി)1245/2014/10.10.14/3.12.14 |
| 2013-14 | കെ.എസ്.എ.ടി.എസ് .ആർ<br>(ബിപി.2)1704/15/15.12.15/11.1.16 |
| 2014-<br>15&2015-16 | കെ.എസ്.എ.ടി.എസ് .ആർ<br>(ബിപി.2)/605/17/18.5.2017/29.5.2017 |
| 2016-17 | കെ.എസ്.എ.ടി.എസ് .ആർ<br>(ബിപി.2)/1736/2017,30.11.2017/11.01.2018 |
| 2017-18 | കെ.എസ്.എ.ടി.എസ് .ആർ (ബിപി.2)139/19, 29/04/19 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മാള ബ്ളോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ,<br>ജില്ലാ ഓഡിറ്റ് കാര്യാലയം,<br>തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം (AuditedAbstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ജോയിന്റ് ഡയറക്ടർ,
ജില്ല ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ